# Weekly Devotion - August 2016

## Has the Cross any measurment? ( ക്രൂശിന് അളവുണ്ടോ?)




അമേരിക്കയുടെ തുറമുഖത്ത് 1863ൽ വന്നു ചേർന്ന ഒരു കപ്പലിൽ അനേക വർഷങ്ങൾ ശത്രുരാജ്യത്ത് തടവിൽ പാർത്തിരുന്ന ചില സൈനീകർ ഉണ്ടായിരുന്നു. ഇവരിൽ പലരും മുറിവേറ്റവരും ചീഞ്ഞുനാറുന്ന വ്രണങ്ങൾ ഉള്ളവരുമായിരുന്നു. ഈ കൂട്ടത്തിൽ ഫിലദൽഫിയായിൽ നിന്നുള്ള ഒരു യുവാവും ഉണ്ടായിരുന്നു. അവന്റെ സഹോദരൻ ഫിലദൽഫിയായിലെ ധനികനായ ഒരു വ്യാപാരി ആയിരുന്നു. തന്റെ ഇളയ സഹോദരൻ ഈ കപ്പലിൽ ഉണ്ടായിരിക്കുമെന്നുള്ള സന്ദേശം ലഭിച്ച തന്റെ സഹോദരനെ സ്വീകരിപ്പാൻ അദ്ദേഹം തുറമുഖത്തെത്തി ക്ഷമയോടെ കാത്തുനിന്നിരുന്നു, സഹോദരന്റെ ശുശ്രൂഷയ്ക്കാവശ്യമായ ക്രമീകരണത്തോടെയാണ് അദ്ദേഹം അവിടെ എത്തിയത്. തീരത്തണഞ്ഞ കപ്പലിൽ വില്യം തന്റെ സഹോദരനെ തിരഞ്ഞു. വികൃതരൂപത്തിൽ പഴുത്തളിഞ്ഞ വ്രണവുമായി കിടന്ന സഹോദരൻ വില്യമിനെ തിരിച്ചറിഞ്ഞ് അവനെ പേർ ചൊല്ലി വിളിച്ചു. ശബ്ദം കേട്ട ദിക്കിലേക്ക് വില്യം ഓടി എത്തി ദയനീയ അവസ്ഥയിൽ കിടന്നവനെ താങ്ങി എടുത്ത് പുറത്തു കൊണ്ടുവന്നു. പ്രാഥമീക ശുശ്രൂഷ നൽകി തന്റെ വീട്ടിൽ എത്തിച്ചു. തനിക്കുള്ളതെല്ലാം തന്റെ സഹോദരനും കൂടെ അവകാശപ്പെട്ടതാണെന്ന് വില്യം പ്രഖ്യാപിച്ചു.

ദൈവസ്നേഹം ഉള്ളിലുള്ള ഒരാൾക്കേ ഏതവസ്ഥയിലും മറ്റുള്ളവരെ ഇപ്രകാരം സ്നേഹിക്കുവാൻ കഴിയുകയുള്ളു. ദൈവസ്നേഹത്തിന്റെ നീളവും, വീതിയും, ഉയരവും, ആഴവും എന്തെന്ന് ഗ്രഹിക്കേണ്ടവരായ നാം ഓരോരുത്തരും ആ ക്രൂശിലെ സ്നേഹത്തെ ഉള്ളിൽ സ്വീകരിക്കുകയാണ് വേണ്ടത്. പാരീസിലെ വിപ്ലവകാലത്ത് തടവുപുള്ളിയായ വധശിക്ഷയ്ക്ക് വിധിക്കപ്പെട്ട ഒരു പുരോഹിതനെപ്പറ്റി വായിച്ചത് ഓർമ്മയിൽ വന്നത് രേഖപ്പെടുത്തുന്നു.വർണ്ണനാതീതമായ ദൈവസ്നേഹത്തിന്റെ

നീളവും, വീതിയും, ഉയരവും, ആഴവും ആണ് മരണ സമയം കാത്തിരുന്നപ്പോഴും, മരണസമയത്തും അദ്ദേഹത്തിന് ധൈര്യവും പ്രത്യാശയും നൽകിയത്, എഫേ : (3:19) ൽ ദൈവസ്നേഹത്തിന്റെ ആഴം മനസ്സിലാക്കുവാൻ നാം എന്തു ചെയ്യണം എന്ന് കാണാം. ഒന്നാമതായി കർത്താവ് നമ്മുടെ ഹൃദയത്തിൽ വസിക്കണം. ക്രിസ്തു നമ്മുടെ ഹൃദയത്തിൽ വസിക്കണമെങ്കിൽ നാം അവനിൽ വസിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. രണ്ടാമതായി നാം അവന്റെ സ്നേഹത്തിൽ വേരൂന്നണം. ഒരു വിശ്വാസിയുടെ വളർച്ചയുടെ അടിസ്ഥാനം യേശുവിന്റെ സ്നേഹമായിരിക്കണം.

യോഹന്നാൻ (13:21-38) വരെയുള്ള ഭാഗത്ത് താൻ സ്നേഹിച്ച , തന്നെ സ്നേഹിക്കുന്നവർ എന്ന് യേശു കരുതിയിരുന്ന രണ്ട് ശിഷ്യന്മാരെപ്പറ്റി പരാമർശിച്ചിരിക്കുന്നു. അതിൽ യൂദ തന്നെ കാണിച്ചു കൊടുക്കുമെന്ന് അവനോടും, ഗുരുവിനെ അറിയുന്നില്ല എന്ന് 3 പ്രാവശ്യം തള്ളിപ്പറയുമെന്ന് പത്രോസിനോടും യേശു പറഞ്ഞിരുന്നു. മുന്നറിയിപ്പ് ലഭിച്ചവർ തെറ്റ് തിരുത്താതെ തെറ്റിൽ വീഴുകയാണ് ചെയ്തത്. യേശുവിന്റെ നോട്ടം പത്രോസിനെ തന്റെ തെറ്റിനെപ്പറ്റി ബോധവാനാക്കി. ഗുരു അവന്റെ പാപം ക്ഷമിക്കുകയും ചെയ്തു. “ ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും അന്യോന്യം സ്നേഹിക്കണം” എന്ന ഒരു പുതിയ കല്പന അവൻ നമുക്ക് തന്നിട്ടുണ്ട്. ഈ നല്ല ഗുരുവിന്റെ സ്നേഹം ഉൾക്കൊള്ളുന്നവരായി മനുഷ്യർ തീർന്നിരുന്നു എങ്കിൽ ലോകം അനുഗ്രഹിക്കപ്പെടുമായിരുന്നു പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യം ഉള്ളിൽ വരാത്തവർക്ക് ഈ ദൈവസ്നേഹത്തെ ഗ്രഹിപ്പാൻ കഴിയുകയില്ല. അതിനാൽ ചോദിക്കുന്നവന് പരിശുദ്ധാത്മാവിനെ ദാനമായിത്തരുന്നവനോട് നമുക്കും ചോദിക്കാം. കാത്തിരുന്ന് പരിശുദ്ധാത്മാവിനെ പ്രാപിച്ചശേഷം പത്രോസ് ഗുരുവിനെ ഒരിക്കലും വേദനിപ്പിച്ചിട്ടില്ല. ഗുരുവിന്റെ സ്നേഹത്തിന്റെ ആഴം, നീളം, വീതി, ഉയരം എല്ലാം പത്രോസിന് മനസ്സിലായതും അതിനുശേഷം മാത്രമാണ്. പത്രോസ് തന്റെ ലേഖനത്തിൽ സൂചിപ്പിക്കുന്നത് ശ്രദ്ധിക്കുക. “ ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊള്ളുവീൻ: എന്നും ‘ ക്രിസ്തുവിന്റെ നാമം ഹേതുവായി നിന്ദ സഹിക്കേണ്ടി വന്നാൽ നിങ്ങൾ ഭാഗ്യവാന്മാർ’ എന്നും രേഖപ്പെടുത്തുവാൻ കഴിഞ്ഞത് ക്രൂശിൽ ആ സ്നേഹം കണ്ടവനായതു കൊണ്ടും അത് പരിശുദ്ധാത്മ നിറവിൽ മനസ്സിലാക്കിയതുകൊണ്ടുമാണ്.

എന്നാൽ പശ്ചാത്താപം വരാത്തവനായ യൂദ ജീവിതത്തെ അവസാനിപ്പിച്ചു. ഇന്ന് ദൈവസ്നേഹം മനസ്സിലാക്കാതെ ജീവിതം അവസനിപ്പിക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നു. ഇവിടെയാണ് നമ്മെ കർത്താവിന് ആവശ്യം ഈ സ്നേഹം മറ്റുള്ളവരിലേക്ക് പകരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. നിങ്ങളുടെ തീരുമാനം ദൈവത്തോട് പറയുക, അവൻ വഴി നടത്തും

# പ്രാർത്ഥന

നീ മടങ്ങിവന്നാൽ ഞാൻ നിന്നെ എന്റെ മുമ്പാകെ നിൽപ്പാൻ തക്കവണ്ണം കൈക്കൊള്ളും എന്നരുളിചെയ്ത കർത്താവേ, തെറ്റ് ചെയ്തവർക്ക് മടങ്ങി വരുവാനുള്ള അവസരം നൽകിയ അവിടുത്തെ കൃപയ്ക്കായി സ്ത്രോതം. അപ്പനിൽ നിന്നകലുന്നവർ പാപത്തിൽ വീണു പോകും എന്ന് മനസ്സിലാക്കി മടങ്ങിവരുവാൻ അനുവാദം തന്ന ആ സ്നേഹം അനുഭവിപ്പാൻ ഉള്ള ഭാഗ്യം ഞങ്ങൾക്ക് തന്നതിനായി സ്ത്രോതം. നഷ്ടമാക്കാതെ ആ സ്നേഹം സൂക്ഷിപ്പാൻ പരിശുദ്ധാത്മാവിന്റെ നിറവും ഞങ്ങൾക്ക് ദാനമായി തരേണമേ. യേശുവിൻ നാമത്തിൽ തന്നെ, ആമേൻ.


Santhamma Varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind